# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4621** — **04.02.2014-ൽ മറുപടിക്ക്**

## റോഡുകളിലെ ഹംപുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) റോഡുകളിൽ ഹംപ് സ്ഥാപിക്കുന്നതു സംബന്ധിച്ച് അവസാനം പുറപ്പെടുവിച്ച കോടതിയുത്തരവിൽ സർക്കാരിനു നൽകുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കുമോ; | (എ) റോഡുകളിൽ അശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള 5 അടിയിൽ കൂടുതൽ ഉയരം വരുന്നതും ഡ്രൈവർമാരുടെ കാഴ്ചയ്ക്ക് തടസ്സം വരുത്തുന്നതും വാഹനാപകടങ്ങളിലേക്ക് നയിക്കുന്നതുമായ സ്പീഡ് ബ്രേക്കർ ബോർഡുകൾ നീക്കം ചെയ്യണമെന്നാണ് അവസാനം പുറപ്പെടുവിച്ച കോടതിയുത്തരവിൽ നിർദ്ദേശിച്ചിരുന്നത്. |
| (ബി) ഹംപുകൾ ശാസ്ത്രീയമായി സ്ഥാപിക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ? | (ബി) റോഡുകളിൽ ഹമ്പ് നിർമ്മിക്കുന്നത് കേന്ദ്രറോഡ് ട്രാൻസ്പോർട്ട് മന്ത്രാലയത്തിന്റെ നിർദ്ദേശം അനുസരിച്ച് പാടുള്ളതല്ല. എന്നിരുന്നാലും കേരളത്തിലെ ജനസാന്ദ്രതയും പ്രത്യേക സാഹചര്യങ്ങളും കണക്കിലെടുത്ത് പണ്ടുമുതലേതന്നെ ഹമ്പ് സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ അവ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പൊതുമരാമത്ത് റോഡുകളിൽ സ്പീഡ് ബ്രേക്കർ/ഹമ്പ് നിർമ്മിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ